**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6110** **17-03-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭക പ്രോത്സാഹന നയത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ പ്രോത്സാഹന സ്ഥാപനങ്ങളുടെ പ്രവർത്തന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ് 2018 പാസ്സാക്കിയിട്ടുണ്ട്. ഇത് കൂടാതെ കേരളാ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള ലൈസൻസുകൾ/ക്ലിയറൻസുകൾ എന്നിവയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന 2019 - ലെ കേരള സൂക്ഷ്മ - ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടും നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിലെ പരിശോധന ഏകോപിപ്പിച്ച് സുഗമമാക്കുന്നതിനായി കെ-സിസ് സംവിധാനം നിലവിലുണ്ട്. സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്റ്റിൽ (2000 ലെ നിയമം 5) 2022-ൽ ഭേദഗതി വരുത്തിയ പ്രകാരം ജില്ലാ/ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br><br>ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളിലും (14) ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.<br><br>2022-23 സംരംഭകവർഷമായി കേരളാ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി മുഖേന കേരളത്തിൽ ചുരുങ്ങിയത് ഒരുലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചു കൊണ്ട് പരമാവധി ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായവകുപ്പ് വിജയകരമായി നടത്തി വരുന്നു.<br><br>ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ നിയമിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ ബോധവത്കരണ പരിപാടികൾ, ലോൺ/ ലൈസൻസ് മേളകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഇന്റേണുകളുടെ ഉത്തരവാദിത്തലായിരിക്കും നടക്കുക. ഇപ്രകാരം വ്യവസായ വകുപ്പിന്റെ പരിധിയിലുള്ള വ്യവസായ പ്രോത്സാഹന സ്ഥാപനങ്ങൾ മുഖേന വ്യവസായ പുരോഗതിയ്ക്ക് അനുഗുണവും, ഘടനാപരവുമായ മാറ്റം കൊണ്ടുവന്നിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ക്രിയാത്മക വിനിയോഗത്തിനും പരിസ്ഥിതിക്കും അനുയോജ്യമായ സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നാല് ശതമാനം പലിശ നിരക്കിൽ സംരംഭക വായ്പാ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംരംഭക വർഷ (2022-23) ത്തിന്റെ ഭാഗമായ ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയിൽ ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട - ഇടത്തരം മേഖലയിലെ യൂണിറ്റുകൾക്ക് വേണ്ടി തയ്യാറാക്കിയ പദ്ധതിയാണ് സംരംഭക വായ്പാ പദ്ധതി. ആയതിന്റെ ഭാഗമായി ഉല്പാദന, സേവന, വ്യാപാര മേഖലയിൽ ബാങ്ക് വായ്പയെടുത്ത് 01/04/2022 -നോ അതിന് ശേഷമോ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4 % ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി നൽകുന്നതിനായി "ഒരു കുടുംബം ഒരു സംരംഭം" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഉല്പാദന, സേവന, വ്യാപാര മേഖലയിൽ സൂക്ഷ്മ-ചെറുകിട - ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പദ്ധതി പ്രകാരം പലിശയിളവ് നൽകുന്നു. ഒരു കുടുംബം ഒരു സംരംഭം പദ്ധതിക്ക് 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ് |

| | | | |
|---|---|---|---|
| | | | ഫോം തയ്യാറാക്കിയിട്ടുള്ളതും (Link:http://ofoe.industry.kerala.gov.in) 508 അപേക്ഷകൾ ഇതിനോടകം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഇതുവരെ 65 അപേക്ഷകൾക്ക് അംഗീകാരം നൽകിയിയിട്ടുണ്ട്. 6 മാസത്തെ/12 മാസത്തെ തിരിച്ചടവിൽ ഉൾപ്പെട്ട പലിശയുടെ സബ്സിഡിയാണ് തവണകളായി നൽകുന്നത്. |
| (സി) | വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 1999-ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, (2000 ലെ നിയമം 5) 2022- ൽ ഭേദഗതി ചെയ്തപ്രകാരം നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് Grievance Redressal System. ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ പരാതി പരിഹാര കമ്മിറ്റിക്കും 10 കോടിക്കു മുകളിൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന പരാതി പരിഹാര കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയിൽ ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമാണ്. സംസ്ഥാന കമ്മിറ്റിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. ആക്ട് പ്രകാരമുള്ള സേവനം നൽകുന്നതിൽ എന്തെങ്കിലും വീഴ്ചയോ കാലതാമസമോ ഉണ്ടായതായി പരാതി പരിഹാര കമ്മിറ്റിയുടെ ശ്രദ്ധയിൽ വന്നാൽ അത്തരം അപേക്ഷകൾ/പരാതികൾ പരാതി പരിഹാര കമ്മറ്റിക്ക് പരിശോധിക്കാവുന്നതും ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്. ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ പരാതി പരിഹാര കമ്മറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്. മതിയായ കാരണം കൂടാതെ സേവനം നൽകുന്നതിന് നിയുക്തനായ ഉദ്യോഗസ്ഥൻ കാലതാമസമോ വീഴ്ചയോ വരുത്തിയിട്ടുണ്ടെന്ന് ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾക്ക് ബോധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തുന്നതിനും ബാധകമായ സർവീസ് |

| | | | |
|---|---|---|---|
| | | | ചട്ടങ്ങൾക്ക് കീഴിൽ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനും ആക്ട് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സംവിധാന കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരത്തിലുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര പരാതികൾ പരിഹരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ഡി) | Grievance Redressal System വഴി ആകെ ലഭിച്ചിട്ടുള്ള 100 പരാതികളിൽ 76 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. |
| (ഇ) | പരാതികൾ തീർപ്പാക്കാൻ അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ? | (ഇ) | പരാതി പരിഹാര സംവിധാനത്തിനുള്ള ഓൺലൈൻ പോർട്ടൽ പ്രവർത്തന സജ്ജമായിട്ടുള്ളത് 2023 മാർച്ച് ആദ്യ വാരത്തിലാണ്. ഓൺലൈൻ സംവിധാനത്തിന്റെ അഭാവത്തിൽ മറ്റ് മാർഗങ്ങൾ ഉപയോഗിച്ചാണ് പരാതികൾ പരിഹരിച്ച് വന്നിരുന്നത്. ആയതിനാലാണ് ചില പരാതികൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുള്ളത്. ഓൺലൈൻ പോർട്ടൽ പൂർണ സജ്ജമായ സാഹചര്യത്തിൽ ഇനി കാലതാമസം ഇല്ലാതെ സുഗമമായി പരാതികൾ പരിഹരിക്കുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ